**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 133** **25.04.2017-ൽ മറുപടിക്ക്**

| **പിങ്ക് പോലീസ് സംവിധാനം** | | | |
|---|---|---|---|
| | ചോദ്യം<br><br>ശ്രീ. സി. മമ്മൂട്ടി | | മറുപടി<br><br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) | സംസ്ഥാനത്ത് പിങ്ക് പോലീസ് സംവിധാനം തുടരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ; | (എ) | ഉണ്ട്. പിങ്ക് പോലീസ് കൺട്രോൾ റൂമുകൾ തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കണ്ണൂർ എന്നിവിടങ്ങളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽക്കൂടി പിങ്ക് പട്രോൾ ഈ വർഷം തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ത്രീകളുടെയും, കുട്ടികളുടെയും സുരക്ഷയ്ക്കും അവർക്ക് എതിരെയുണ്ടാകുന്ന അതിക്രമങ്ങൾക്കും, പരാതികൾക്കും അതിവേഗം പോലീസിന്റെ ഇടപെടൽ സാധ്യമാക്കുന്നതിന് വേണ്ടിയാണ് പിങ്ക് പോലീസ് സംവിധാനം സംസ്ഥാനത്ത് ആരംഭിച്ചത്. |
| (ബി) | വാഹനമുപയോഗിച്ച് തെരുവുകളിൽ ചുറ്റുന്നതിനല്ലാതെ ടി സംവിധാനത്തിൽ മറ്റെന്തെങ്കിലും പ്രയോജനങ്ങൾ ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | വാഹനമുപയോഗിച്ച് പിങ്ക് പോലീസ്, പട്രോളിംഗ് ആണ് നടത്തി വരുന്നത്. അതുവഴി സ്ത്രീകൾക്കും, കുട്ടികൾക്കും സുരക്ഷ ലഭ്യമാക്കുവാനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

| | | | |
|---|---|---|---|
| (സി) | പിങ്ക് പോലീസ് സംവിധാനം എത്ര പേർ ഇതേവരെ പ്രയോജനപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (സി) | പിങ്ക് പോലീസ് സംവിധാനം വഴി 2470 പേർക്ക് ഫോൺ മുഖാന്തിരവും, 617 പേർക്ക് പട്രോളിംഗിനിടയിൽ നേരിട്ടും പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സംവിധാനം നിലനിർത്തുന്നതിനായി വകുപ്പിൽ നിന്ന് സമ്മർദ്ദം ഉണ്ടായിട്ടുണ്ടോ; വിശദീകരിക്കുമോ? | (ഡി) | സ്ത്രീകളുടെയും, കുട്ടികളുടെയും സുരക്ഷ, സർക്കാർ വളരെ ഗൗരവമായി കാണുന്നത് കൊണ്ടാണ് ഇത്തരം ഒരു പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയത്. മറ്റ് സമ്മർദ്ദങ്ങളൊന്നും ഇക്കാര്യത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Rajani M

സെക്ഷൻ ഓഫീസർ